# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1531(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 11939/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 12**

ശ്രീ. കെ. രതീഷ് കുമാർ,
ശിവകൃപ, വയണാമൂല,
ആയൂർ പി.ഒ.,
കൊല്ലം – 691 533. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്(മൈനിംഗ് ലീസ് വിഭാഗം),
മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,
പട്ടം പാലസ് പി.ഒ., കേശവദാസപുരം,
തിരുവനന്തപുരം.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജിയോളജിസ്റ്റ്,
ജില്ലാ ആഫീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്,
കൊല്ലം.
3) അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ,
മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,
പട്ടം പാലസ് പി.ഒ., കേശവദാസപുരം,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/09/2022, 30/9/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/07/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01/08/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/08/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/09/2022 |
| ഹിയറിംഗ് നടന്ന തീയതി | 11/01/2023 - കമ്മീഷൻ ഓഫീസ് |
| ഹിയറിംഗ് സാന്നിദ്ധ്യം : ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.രതീഷ് കുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഏതാനും വിവരങ്ങൾ

ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി ഡയറക്ടർ മൈനിംഗ് & ജിയോളജി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞിട്ടും ഇന്നേ വരെ ടി വിഷയവുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നുമാണ്. ആയതിനാൽ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൻമേൽ വിവരാവകാശ നിയമം 7(1) വകുപ്പിൽ നിഷ്കർച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്ത എതിർകക്ഷികൾയ്ക്കെതിരെ 20(1), (2) വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നാണ്.

2. ഹർജിക്കാരൻ 17.06.2022 തീയതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ് മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്:

i. 06.04.2021 തീയതിയിൽ സ്റ്റാർ ഇൻഡസ്ട്രീസ് ക്വോറി/ക്രഷർ മാനേജിംഗ് പാർട്ട്ണറായ ആയ ശ്രീ.അലിയാരുകുട്ടി എന്നയാൾക്കെതിരെ ടി അഡ്രസ്സിൽ സ്ഥിരതാമസക്കാരനായ ഹർജിക്കാരൻ ബഹു. ഡയറക്ടർ മൈനിംഗ് & ജിയോളജി വകുപ്പ് മുമ്പാകെ നൽകിയ പരാതിയിന്മേൽ നാളിതുവരെ നോട്ടീസ് നൽകി ഹിയറിംഗ് നടത്തിയിട്ടില്ലെന്നും ടി പരാതിയിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്നും

ii. ടി പരാതി തീർപ്പാക്കിയിട്ടുണ്ടോ എന്നും ആയതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

iii. ശ്രീ. അലിയാരുകുട്ടിക്ക് ക്വാറിയിംഗ് ലീസ് നൽകുന്നതിനു വേണ്ടി ബഹു. ഡയറക്ടർ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് ലെറ്റർ ഓഫ് ഇൻഡന്റ് കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.09.2022 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, സ്റ്റാർ ഇൻഡസ്ട്രീസിനെതിരെ ലഭ്യമായ ഹർജിക്കാരന്റെ പരാതിയിൽ ടി ആഫീസിൽ നിന്നും മറുപടി ലഭ്യമാക്കിയിരുന്നതാണെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും ടി ക്വാറിയ്ക്ക് നിലവിൽ അനുമതിയില്ലാത്തതാണെന്നും ടി സ്ഥലത്ത് പുതുതായി

ഖനനാനുമതിയ്ക്കായി അപേക്ഷ ലഭിച്ചിട്ടുള്ളതും ആയതിന് ഡയറക്ടറേറ്റിൽ നിന്നും ലറ്റർ ഓഫ് ഇൻഡന്റ് അനുവദിച്ചിട്ടുള്ളതാണെന്നുമാണ്.

4. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.09.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ. രതീഷ് കുമാർ 23.6.2022-നു ടി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതും ആയതിനു 20.8.2022 തീയതി ടി ഓഫീസിൽ നിന്നും അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും ഇതിൽ കൊല്ലം ജില്ലയിലെ വിഷയമായതുകൊണ്ട് കൊല്ലം ജിയോളജിസ്റ്റിനോട് മറുപടി കൊടുക്കാൻ നിഷ്കർഷിക്കുകയാണുണ്ടായതെന്നും അതനുസരിച്ച് 20.9.2022 തീയതി കൊല്ലം എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നതാണെന്നും ഹർജിക്കാരൻ ടി ഓഫീസിൽ ഒന്നാം അപ്പീൽ നൽകിയതായി കാണുന്നില്ല എന്നും കൂടാതെ ഫയൽ അദാലത്തുമായി ബന്ധപ്പെട്ടാണ് വിവരാവകാശ അപേക്ഷയ്ക്കു മറുപടി നൽകുവാൻ താമസുണ്ടായതെന്നും ലീസ് അനുവദിക്കുന്നതിന് മുന്നോടിയായുള്ള ലറ്റർ ഓഫ് ഇൻഡന്റിന്റെ പകർപ്പ് 30.9.2022-ന് ഫീസ് ഈടാക്കാതെ അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷ, വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു നൽകുന്നതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കാണുന്നു. കാലതാമസം വരുത്തിയതിന് ഒന്നാം എതിർകക്ഷി നിർവ്യാജം മാപ്പപേക്ഷിക്കുകയും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ വളരെയധികം ശ്രദ്ധിക്കാമെന്നും കമ്മീഷന് വാഗ്ദാനം നൽകുകയുണ്ടായി. ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ട വേളയിൽ വിവരാവകാശ നിയമത്തെ കുറിച്ച് വിശദമായി പഠിക്കാനും, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ഇത്തരം വീഴ്ചകൾ സംഭവിക്കരുതെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുക്കാൻ കാലതാമസം വരുത്തിയ ഒന്നാം എതിർകക്ഷിയായ ശ്രീമതി ചിത്ര കെ.കെ.യെ ടി വീഴ്ചയ്ക്ക് വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷിക്കുവാനും പിഴ സംഖ്യയായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ടിയാരിയിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീമതി. ചിത്ര കെ.കെ 2000/- രൂപ (രണ്ടായിരം രൂപ മാത്രം) "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ

സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 25/01/2023-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്. ഇതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ വളരെയധികം ശ്രദ്ധിക്കണമെന്നും കമ്മീഷൻ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 12-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി